പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2854 20/12/2012 ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്ക് അടിസ്ഥാന സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് കുടിവെള്ളം, ടോയ്‌ലറ്റ് സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി വേണ്ട അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, ടോയ്‌ലറ്റ് ഇവ ഉറപ്പുവരുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്സ്.എസ്സ്.എ, ആർ.എം.എസ്സ്.എ, ശുചിത്വമിഷൻ, വിദ്യാഭ്യാസ ഉപഡയറക്ടർമാർ എന്നിവർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ വിദ്യാഭ്യാസ ആഫീസർമാർ സ്കൂൾ സന്ദർശനവേളകളിൽ പ്രസ്തുത സ്കൂളുകളിൽ ടോയ്‌ലറ്റുകളും കുടിവെള്ള ലഭ്യതയും വിദ്യർത്ഥികളുടെ എണ്ണത്തിനാനുപാതികമായി ഉറപ്പുവരുത്തേണ്ടതാണെന്നും, ഇക്കാര്യത്തിൽ ഏതെങ്കിലും സ്കൂളുകളിൽ അപാകതകളോ, അപര്യാപ്തതകളോ ഉണ്ടെങ്കിൽ അക്കാര്യം പി.ടി.എ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.പി. എം.എൽ.എ തുടങ്ങിയവരുടെ സഹകരണത്തോടെ യഥാസമയം പരിഹരിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ആനുപാതികമായി ശുചിത്വമുള്ള ടോയ്‌ലറ്റുകൾ ഉറപ്പുവരുത്തുവാൻ എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകുന്നതെന്ന് അറിയിക്കുമോ ; | (ബി) | സംസ്ഥാനത്ത് പെൺകുട്ടികൾക്കായി 1165 മൂത്രപ്പുരയും ആൺകുട്ടികൾക്കായി 682 ടോയ്‌ലറ്റും 2012-13 സാമ്പത്തികവർഷം അംഗീകാരം നൽകി എസ്.എസ്.എ മുഖേന നടപ്പിലാക്കിവരുന്നു. ഇതിനായി 12 കോടി രൂപ വിനിയോഗിക്കുന്നു.<br>12-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് 74 ഹയർ സെക്കന്ററി സ്കൂളുകൾക്ക് ടോയ്‌ലറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2010-11 സാമ്പത്തിക വർഷം 118 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് 6,85,68,000/- രൂപ ചെലവിൽ ടോയ്‌ലറ്റുകൾ നിർമ്മിച്ചുനൽകുകയും കുടിവെള്ള സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്.<br>ഇതു കൂടാതെ 200 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ 10,00,00,000/- രൂപ ചെലവിൽ ഗേൾ ഫ്രണ്ട്ലി ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്. |
| സി) | പെൺകുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ ആദ്യഘട്ടമായി ആവശ്യമായ ടോയ്‌ലറ്റുകൾ അടിയന്തിരമായി ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ ? | (സി) | നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ